Phone No: 0481 2562745
Email ID: sephck@gmail.com

# KERALA WATER AUTHORITY

**Office of the Superintending Engineer**
**Public Health Circle, Kottayam**

നമ്പർ. PHCK/DB/3/2018/P3 തീയതി: 09.11.2021

പ്രേഷകൻ

സൂപ്രണ്ടിങ്ങ് എഞ്ചിനീയർ

സ്വീകർത്താവ്

ജെ & ബി എഞ്ചിനീയറിംഗ് & കൺസ്ട്രക്ഷൻ കമ്പനി,
കുറ്റൂർ പി. ഒ.
തിരുവല്ല. - 689106

സർ.

വിഷയം:- കിഫ്ബി - 2017 -18 - കരിമ്പുകയം ശുദ്ധജല വിതരണ പദ്ധതി - പാക്കേജ് III - എലിക്കുളം പഞ്ചായത്തിലെ വിതരണശൃംഖല, ഗ്രാമദീപം 2 ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പിൻ്റെ നിർമ്മാണം, ജലശുദ്ധീകരണശാലയിൽ നിന്നും ഗ്രാമദീപം സമ്പിലേക്കുള്ള 350 mm DIK9 ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, റോഡുകൾ പൂർവ്വസ്ഥിതിയിലാക്കൽ തുടങ്ങിയ പ്രവൃത്തികൾ - പ്രവൃത്തി ആരംഭിക്കാത്തതു സംബന്ധിച്ച് -

സൂചന:- 1. ഈ കാര്യാലയത്തിലെ 04/05/2021 തീയതിയിലെ ഇതേ നമ്പർ പ്രവൃത്തിദാന ഉത്തരവ്
2. ഈ കാര്യാലയത്തിലെ 28/06/2021 തീയതിയിലെ കരാർ ഉടമ്പടി നമ്പർ 05/SE/PHCK/2021-22.
3. 14 /09/2021 തീയതിയിലെ ഈ കാര്യാലയത്തിലെ യോഗ തീരുമാനം.
4. കോട്ടയം പ്രൊജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ കത്ത് നമ്പർ PDK/DB1/755/2021-22 തീയതി 30/09/2021
5. താങ്കളുടെ 28/10/2021 തീയതിയിലെ JBEC/Agmnt N.05/2021-22 നമ്പർ കത്ത്.

Registered with A/d

NOTICE

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) പ്രകാരം 03/05/2022 - നുള്ളിൽ ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് താങ്കൾ കരാർ ഒപ്പു വച്ചിട്ടുള്ളതാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സൂചന 3 പ്രകാരം താങ്കൾക്ക് തുടർ നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി 6 മാസം മാത്രം ശേഷിക്കെ പ്രവൃത്തികളിൽ നിർദിഷ്ട പുരോഗതി ഇല്ല എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു.

സൂചന (5) പ്രകാരമുള്ള താങ്കളുടെ ആവശ്യങ്ങൾ കരാർ നിബന്ധനകളും നിലവിലുള്ള ഉത്തരവുകളും അനുസരിച്ച് അംഗീകരിക്കാവുന്നതല്ല. അതിനാൽ കരാർ നിബന്ധനകളനുസരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഒരിക്കൽ കൂടി നിർദേശിക്കുന്നു.

കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ അടിയന്തിരസ്വഭാവമുള്ളവ ആയതിനാൽ പ്രവൃത്തികൾ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്ത പക്ഷം NIT Clause 8.10.1 പ്രകാരമുള്ള പിഴ ഈടാക്കുവാനും പ്രവൃത്തികൾ താങ്കളുടെ നഷ്ടോത്തരവാദിത്തത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ സ്വീകരിക്കേണ്ടി വരുമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
Mohamed Sedeque. P
സൂപ്രണ്ടിങ്ങ് എഞ്ചിനീയർ

പകർപ്പ്

കോട്ടയം പ്രോജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ അറിവിലേക്കായി.

Draft #9 of File PHCK/DB/3/2018/P3 Approved by Superintending Engineer on 09-Nov-2021 03:43 PM - Page 1

The document is digitally approved. Hence signature is not needed.